ഹയർസെക്കന്ററി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം.

നംമ്പർ ഇ.എക്സ് **II(1)/2794**/എച്ച്.എസ്.ഇ/**2009** തീയതി **: 29/01/2010**

വിഷയം: - ഹയർ സെക്കണ്ടറി വിദ്യാഭ്യാസം - പരീക്ഷാ വിഭാഗം – ഐ.ഇ.ഡ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 2010 മാർച്ചിലെ ഹയർസെക്കന്ററി പരീക്ഷയ്ക്ക് വ്യാഖ്യാതാവിന്റെ സേവനം ലഭ്യമാകുന്നതിനും കമ്പ്യൂട്ടർ/ലാപ്ടോപ്പ് ഉപയോഗിച്ച് പൊതുപരീക്ഷ എഴുതുന്നതിന അനുമതി നൽകുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:- 1. 27.10.2009 നംമ്പർ ഇ.എക്സ് II(1)53388 എച്ച്.എസ്.ഇ. 2009 പ്രകാരമുള്ള ഹയർസെക്കന്ററി പരീക്ഷാവിജ്ഞാപനം.

2. സ.ഉ.(കൈയ്യെഴുത്ത്) നം.76/2006/പൊ.വി.വ. തിരുവനന്തപുരം, തീയതി 21.02.2006

3. സ.ഉ.(എം.എസ്)243/09/പൊ.വി. തീയതി, തിരുവനന്തപുരം, 10.12.2009.

4. 21.01.2010 ലെ ഈ ഓഫീസിലെ ഇതേ നമ്പർ പ്രകാരമുള്ള സർക്കുലർ.

## സർക്കുലർ

സൂചനയിലെ (2) ലെ സർക്കാർ ഉത്തരവുപ്രകാരം ബധിരമൂക/ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്ക് വ്യാഖ്യാതാവിന്റെ സേവനം ആവശ്യമെങ്കിൽ താഴെച്ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിക്കുവാൻ നിശ്ചിത തീയതിക്കകം അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്.

1. 40% ത്തിൽ കുറയാത്ത വൈകല്യമുള്ള ബധിരമൂക/ബുദ്ധിമാന്ദ്യം സംഭവിച്ച വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സൗജന്യത്തിന് അർഹതയുണ്ടായിരി ക്കുകയുള്ളൂ.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഐ.ഇ.ഡി.സി. പ്രകാരമുള്ള റിസോഴ്സ് ടീച്ചർമാരുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഇവരുടെ അഭാവത്തിൽ സ്പെഷ്യൽ സ്കൂൾ ടീച്ചർമാരുടെയോ അതാതു സ്കൂളുകളിലെ അദ്ധ്യാപകരുടെയോ സേവനം ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

സൂചനയിലെ (3) ലെ സർക്കാർ ഉത്തരവുപ്രകാരം ഐ.ഇ.ഡി. വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് 2009 – 2010 അദ്ധ്യയനവർഷം മുതൽ കമ്പ്യൂട്ടർ / ലാപ്ടോപ്പ് ഉപയോഗിച്ച് പൊതുപരീക്ഷ എഴുതുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി അനുവാദം നൽകുന്നതിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

1. കാഴ്ച/കേൾവി ശക്തി ഇല്ലാത്തവർ, കാഴ്ചശക്തി കുറഞ്ഞവർ, ബുദ്ധിമാന്ദ്യമുള്ളവർ, എഴുതുവാൻ പ്രയാസമുള്ളവർ (ഡിസ്ഗ്രാഫിയ), സെറിബ്രൽ പാൾസി, ഓട്ടിസം മുതലായ പ്രശ്നങ്ങളുള്ള വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്കായി കമ്പ്യൂട്ടർ/ലാപ്ടോപ്പ് ഉപയോഗിക്കാവുന്നതാണ്.

2. പ്രസ്തുത സ്കൂളുകൾ /സ്ഥാപനങ്ങൾ തന്നെ കമ്പ്യൂട്ടർ പരീക്ഷയ്ക്കായി ക്രമീകരിക്കേണ്ടതും കെട്ടിടത്തിന്റെ താഴത്തെ നിലയിൽത്തന്നെ ഇതിനായി സൗകര്യം ചെയ്യേണ്ടതുമാണ്.

3. ബന്ധപ്പെട്ട ഹയർസെക്കന്ററി മേഖലാഡയറക്ടർമാരുടെ അനുവാദത്തോടെ ഐ.ഇ.ഡി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഈ സൗകര്യം ഉപയോഗിക്കാം. അപേക്ഷയോടൊപ്പം മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണ്. ലേണിംഗ് ഡിസ്എബിലിറ്റി ഉള്ള വിദ്യാർത്ഥികൾക്ക് സർക്കാർ സൈക്യാട്രിസ്റ്റ് ഡോക്ടറുടെ സർട്ടിഫിക്കറ്റ് മതിയാകും.

4. ഇത്തരം വിദ്യാർത്ഥികൾക്ക് പരീക്ഷാസമയം ദീർഘിപ്പിച്ചുകൊടുക്കുന്ന രീതി തുടരുന്നതും, കമ്പ്യൂട്ടർ സൗകര്യം ആവശ്യമില്ലാത്ത കുട്ടികൾക്ക് പഴയരീതിയിലുള്ള സൗജന്യങ്ങൾ അനുവദിക്കുന്നതുമായിരിക്കും.

5. കാഴ്ചശക്തിയില്ലാത്ത വിദ്യാർത്ഥികൾക്ക് റെകഗ്നിഷൻ സൗകര്യം ഉപയോഗിക്കുവാൻ അനുവദിക്കുന്നതും, ഇതിനായുള്ള സോഫ്റ്റ്‌വെയർ ബന്ധപ്പെട്ട സ്കൂളുകൾ / സ്ഥാപനങ്ങൾ ക്രമീകരിച്ചിരിക്കേണ്ടതുമാണ്.

6. കമ്പ്യൂട്ടറിൽ / ലാപ്ടോപ്പുകളിൽ വിദ്യാർത്ഥികൾക്ക് ഉത്തരങ്ങൾ കണ്ടെത്താൻ സഹായകരമാകുന്ന വിവരങ്ങൾ ഇല്ലെന്ന് ഇൻവിജിലേറ്റർ പരീക്ഷ തുടങ്ങുന്നതിനുമുമ്പ് ഉറപ്പാക്കേണ്ടതും, പരീക്ഷയ്ക്കു ശേഷം ചീഫ് സൂപ്രണ്ടിന്റെ സാന്നിധ്യത്തിൽ പരീക്ഷാഹാളിൽ വച്ചുതന്നെ പ്രിന്റെടുത്ത് ഇൻവിജിലേറ്ററുടെയും ചീഫ് സൂപ്രണ്ടിന്റെയും ഒപ്പോടുകൂടി ബന്ധപ്പെട്ട മൂല്യനിർണ്ണയ ക്യാമ്പിലേയ്ക്ക് അയയ്ക്കേണ്ടതുമാണ്.

7. ലാപ്ടോപ്പ്/കമ്പ്യൂട്ടർ ഉപയോഗിച്ച് പരീക്ഷ നടത്തുമ്പോൾ സാങ്കേതിക കൃത്രിമം തടയുന്നതിനുള്ള എല്ലാവിധ മുൻകരുതലുകളും സ്വീകരിക്കേണ്ടതുമാണ്.

ഇതിനൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന മാതൃകയിലുള്ള അപേക്ഷ മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും പൂരിപ്പിച്ച് ആവശ്യമായ രേഖകൾ സഹിതം പ്രിൻസിപ്പൽമാർ സ്വീകരിക്കേണ്ടതും അവ പരിശോധിച്ച് അപാകതകളൊന്നുമില്ലെന്ന് ഉറപ്പാക്കിയശേഷം ശുപാർശചെയ്ത് 2010 ഫെബ്രുവരി 5 –നകം ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകേണ്ടതുമാണ്.

ഒപ്പ്

**സെക്രട്ടറി,**
**ബോർഡ് ഓഫ് ഹയർ സെക്കന്ററി**
**എക്സാമിനേഷൻസ്, കേരളം.**

<u>ഉള്ളടക്കം</u>

അപ്പന്റിക്സ് 34 (b)

പകർപ്പ് :എല്ലാ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൽമാർക്കും (അറിവിനും, അനന്തര നടപടിക്കും).

**APPENDIX – 34 (b)**

**GOVERNMENT OF KERALA**

**DEPARTMENT OF HIGHER SECONDARY EDUCATION**

**APPLICATION FOR CONCESSIONS TO DIFFERENTLY - ABLED / MENTALLY CHALLENGED CANDIDATES ALONG WITH THE SERVICE OF AN INTERPRETER/COMPUTER/LAPTOP IN THE FIRST / SECOND YEAR HIGHER SECONDARY EXAMINATION, MARCH – 20…….**

1. Name of Examination : | First | Second Year | March 20…… |

2. Examination centre code No : [ ][ ][ ][ ][ ]

3. Name of the Examination centre : [ ]

4. Name of the candidate : [ ]

2 Address for Communication : [ ]

5. Register No. of the candidate : [ ][ ][ ][ ][ ][ ][ ]

6. Nature and percentage of handicap : [ ]

7. Nature of concessions eligible :

[Tick mark the …………… boxes] :

1. Extra time [ ]
2. Service of scribe [ ]
3. Exemption from Drawing diagrams [ ]
4. Service of an interpreter [ ]
5. Service of the Computer/Laptop [ ]

Grace Mark [ ]

Signature of the candidate

Place :
Date :

Certificate of the Principal of the School through which the candidate is presented for Examination:

Certified that the above candidate is eligible for concessions applicable to Differently abled / Mentally Challenged candidates and the documents submitted herewith are genuine.

Place :
Date : (Office Seal) Signature of the Principal

Name
Designation

Documents attached

1. Photograph highlighting the handicap (for physical challenged)
2. Medical Certificate from Medical Board in original
3. Medical Certificate from the Medical Board – Attested copy
4. Details of scribe (if necessary)